ഡിസംബർ 26, 2014

## രാജ്യസഭാ പ്രതിപക്ഷ നേതാവ് അരുൺ ജെയ്റ്റ്ലിയുടെ ഫേസ്ബുക് പോസ്റ്റ്

രാഷ്ട്രീയലക്ഷ്യത്തോടെയുള്ള പകപോക്കലാണ് ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്രമാദിക്കെതിതേ കേന്ദ്ര സർക്കാർ അന്വേഷണ കമ്മീഷനെ നിയോഗിച്ചതിനു പിന്നിൽ. ഇത്തരം നീക്കങ്ങൾക്ക് വരുന്ന തെരഞ്ഞെടുപ്പിൽ ലഭിക്കുന്ന തിരിച്ചടിയിൽ നിന്നും കോൺഗ്രസ് പാഠം പഠിക്കും.

രാഷ്ട്രീയമായി മോദിയെ കീഴ്പ്പെടുത്താനാവാത്തതോടെ അന്വേഷണ സംഘങ്ങളേയും കമ്മീഷനുകളേയും നിയോഗിച്ച് തോൽപ്പിക്കാനാണ് കോൺഗ്രസ് ശ്രമം. സംസ്ഥാന സർക്കാരിന്റെ അധികാരത്തെ ഇല്ലായ്മ ചെയ്തുകൊണ്ട് സംസ്ഥാനങ്ങളുടെ ഫെഡറൽ അധികാരത്തെ ബാധിക്കുന്ന തരത്തിലുള്ള ഇടപെടൽ നടത്തിയ കേന്ദ്രസർക്കാർ തീരുമാനത്തിനെതിരെ ബിജെപി നിയമനടപടി സ്വീകരിക്കും. കോടതിയിൽ കേന്ദ്രസർക്കാരിനെതിരെ ബിജെപി കേസ് ഫയൽ ചെയ്യാനാണ് തീരുമാനം. ഭരണഘടനയുടെ ഫെഡറൽ സംവിധാനത്തെത്തന്നെയാണ് കോൺഗ്രസ് തകർത്തിരിക്കുന്നത്.

കേന്ദ്രനീക്കത്തിനെതിരെ വിവിധ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ പ്രതികരിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.